**കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)**

**കൊച്ചി എയർപോർട്ട് പിഒ. എറണാകുളം-683111**

## ദർഘാസ് പ്രമാണം

**1.** CIALന്റെ ആവശ്യങ്ങൾക്കായി സർവ്വീസ് നടത്തുന്നതിന് ഡ്രൈവർ സഹിതം ഇലക്ട്രിക്ക് ടാക്സി വാഹനത്തിനു വേണ്ടി വാഹന ഉടമകൾ /ട്രാൻസ്പോർട്ടഴ്സിൽ (ട്രാവൽസിൽ) നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. കരാറിന്റെ കാലാവധി 4 വർഷമായിരിക്കും.

**ആവശ്യമായ വാഹനത്തിന്റെ വിശദാംശങ്ങൾ:**

| **വാഹനം** | **ആവശ്യമായ വാഹനത്തിന്റെ എണ്ണം** | **വാഹനം ഓടി തുടങ്ങേണ്ട തീയതി** | **വാഹന ഉപയോഗ സമയം** | **മോഡൽ** |
|---|---|---|---|---|
| SEDAN EV (White A/C) | 1 | MAY 01, 2023 | ദിവസേന 12 മണിക്കൂർ | 2022 JANUARY ലോ അതിനു ശേഷമോ |

**2.** താഴെ പറയുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൂരിപ്പിച്ച ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

a. വാഹനത്തിന്റെ ഉടമസ്ഥത/ മോഡൽ തെളിയിക്കുന്ന രജിസ്ട്രേഷൻ ബുക്ക് മുതലായവ

b. വാഹനത്തിന്റെ നിലവിലുള്ള പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മുതലായവയുടെ പകർപ്പുകൾ

c. റോഡ് നികുതി, ഇൻഷുറൻസ് മുതലായവ അടച്ചതിന്റെ രേഖകൾ

d. തിരിച്ചറിയലിന് ആവശ്യമായ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ്.

e. വാഹന ഉടമയുടെ പൂർണ്ണ മേൽവിലാസവും ടെലഫോൺനമ്പറുകളും.

**3.** മേൽപറഞ്ഞ 1, 2, (a), (b), (c) യോഗ്യതാമാനദണ്ഡങ്ങൾ പാലിക്കുന്ന വാഹനങ്ങൾ മാത്രമേ സർവ്വീസ് നടത്താൻ അനുവദിക്കുകയുള്ളു.

**4.** മേൽപറഞ്ഞ മോഡൽ വാഹനം റെഡി കൈവശം ഇല്ലെങ്കിൽ പുതിയ വാഹനം പണം അടച്ച് ബുക്ക് ചെയ്ത രസീതും, original ബുക്കിങ്ങ് ഫോമുമായി Tenderൽ പങ്കെടുക്കാവുന്നതാണ്.

മേൽപറഞ്ഞ വാഹനം Tenderൽ പറഞ്ഞിരിക്കുന്ന ഓടി തുടങ്ങേണ്ട ദിവസം ലഭ്യമായില്ലെങ്കിൽ EMD തുക പൂർണ്ണമായും നഷ്ടപ്പെടുന്നതാണ്. Unconditional acceptance letter എല്ലാ വാഹന ഉടമകളും സമർപ്പിക്കേണ്ടതാണ്.

**5.** കരാർ കാലാവധിയിൽ ഇന്ധനവിലയിൽ വ്യതിയാനങ്ങൾ ഉണ്ടായാലും കരാർ തുകയിൽ യാതൊരുവിധ മാറ്റവും അനുവദിക്കുന്നതല്ല.

**6.** കരാർ ലഭിക്കുന്നപക്ഷം ഒരുമാസത്തെ കരാർ തുക 10 ദിവസത്തിനകം അടങ്കൽ തുകയായി CIALൽ നിക്ഷേപികേണ്ടതാണ്. കരാർ കാലാവധിക്ക് ശേഷം ഈ തുക പലിശയില്ലാതെ തിരികെ നൽകുന്നതാണ്.

**7.** വാഹനത്തിന്റെ ഏറ്റവും കുറഞ്ഞ ലഭ്യത താഴെ പറയുന്ന രീതിയിൽ ആയിരിക്കും.

| **വാഹനം ഉപയോഗ സമയം** | **പ്രതിമാസം വാഹനം ഓടേണ്ട ഏറ്റവും കുറഞ്ഞ ദൂരം** |
|---|---|
| ദിവസേന 12 മണിക്കൂർ | 1500 കി. മീ |

**8.** A ) നിശ്ചിത കിലോമീറ്ററിന് അധികമായി CIAL ആവശ്യപ്പെടുന്നതനുസരിച്ച് വാഹനം ലഭ്യമാക്കേണ്ടതാണ്. അധികം ഓടുന്ന കി. മിന് ടെൻഡറിൽ അംഗീകരിച്ചിട്ടുള്ള തുക നല്കുന്നതായിരിക്കും.

B ) ദർഘാസിൽ സമർപ്പിച്ചിരിക്കുന്നതും, CIAL വാഹന പരിശോധനക്കു ശേഷം അംഗീകരിച്ചതുമായ വാഹനമാണ് കരാർ കാലത്ത് സർവ്വീസ് നടത്തേണ്ടത്. പ്രസ്തുത വാഹനം CIAL ന്റെ അനുവാദമില്ലാതെ മാറ്റാൻ പാടില്ലാത്തതാണ്. ഏതെങ്കിലും കാരണവശാൽ പകരം വാഹനം ഏർപ്പെടുത്തുന്നതിന് CIAL ന്റെ അനുവാദം മേടിക്കേണ്ടതാണ്. അനുവദിച്ച ദിവസത്തിൽ കൂടുതൽ വാഹനം മാറ്റി ഓടിക്കുകയാണെങ്കിൽ പിഴയായി പ്രതിദിനം 500/ രൂപ കരാർ തുകയിൽ നിന്നും കുറയ്ക്കുന്നതാണ്.

**9.** വാഹനത്തിന്റെ ഡ്രൈവർക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കുകയും ദർഘാസ് ലഭിക്കുന്ന പക്ഷം തനത് രേഖകൾ ഹാജരാക്കേണ്ടതാണ്.

a) പ്രാബല്യത്തിലുള്ള മോട്ടോർ വെഹിക്കിൾ ഡ്രൈവർ ലൈസൻസ്

b) ഇതോടൊപ്പം തന്നെ എയർപ്പോർട്ട് പാസ് ലഭിക്കുന്നതിനായി പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും ആവശ്യമുള്ള മറ്റ് രേഖകളും സമർപ്പിക്കേണ്ടതും CIAL ആവശ്യപ്പെടുന്ന ട്രെയ്നിങ്ങിൽ പങ്കെടുക്കേണ്ടതുമാണ്. ഡ്രൈവർമാരെ നിയമിച്ചു കഴിഞ്ഞാൽ അവർ പോലീസ്

വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് ഹാജരാക്കത്തപക്ഷം ഡ്രൈവർ സർവീസ് നടത്തുവാൻ CIAL അനുവദിക്കുന്നതല്ല.

c) വാഹനത്തിന് പരമാവധി 2 ഡ്രൈവർമാരെ മാത്രമെ അനുവദിക്കുകയുള്ളു. ഈ ഡ്രൈവർക്ക് പകരം മറ്റൊരാളെ നിയമിക്കുന്നതിന് CIAL ന്റെ അനുവാദം വാങ്ങിക്കേണ്ടതാണ്. പകരം വരുന്ന ഡ്രൈവർ നിശ്ചിത യോഗ്യത ഉള്ളവരായിരിക്കണം. പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉടനെ സമർപ്പിക്കേണ്ടതാണ്.

d) എയർപോർട്ട് പാസുള്ള ഡ്രൈവർമാരുടെ അഭാവത്തിൽ ട്രിപ്പു നടത്താൻ പകരക്കാരനായി വരുന്ന ഡ്രൈവർക്ക് AEP , ADP, PCC എന്നിവ ആവശ്യമുള്ളതിനാൽ, ഇതിനായുള്ള നടപടികൾ മുൻകൂട്ടി കൈക്കൊള്ളേണ്ടതാണ്.

**10.** കരാർ കാലാവധിയിൽ CIAL ന്റെ ആവശ്യങ്ങൾക്കുമാത്രമേ വാഹനം ഉപയോഗിക്കാൻ അനുവാദമുള്ളു. രാത്രിയിൽ വണ്ടി CIAL ൽ പാർക്ക് ചെയ്യേണ്ടതാണ്.

**<u>പൊതുമാനദണ്ഡങ്ങൾ</u>**

**11.** കരാർ തുക താഴെ പറയുന്ന രീതിയിൽ ദർഘാസ് പ്രമാണത്തിന്റെ ബിഡ് ഫോറത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

1. പ്രതിമാസ വാടക തുക (1500 കി.മി.വരെ)
2. വാഹനം ഓടുന്ന ദൂരം 1500 കി.മി. കൂടിയാൽ അധികം ഓടുന്ന ഓരോ കിലോ മീറ്ററിനുമുള്ള നിരക്ക്
3. വാഹനം ഓടുന്ന സമയം 12 മണിക്കൂറിൽ കൂടിയാൽ അധികം വരുന്ന ഓരോ മണിക്കൂറിന്റെയും നിരക്ക് രേഖപ്പെടുത്തേണ്ടതാണ്.
4. ഓരോ വർഷവും പ്രതിമാസ വാടകയിൽ കഴിഞ്ഞ വർഷത്തെ നിരക്കിന്റെ 5% വർദ്ധന അനുവദിക്കുന്നതായിരിക്കും. മറ്റ് യാതൊരു വിധത്തിലും കരാർ മാറ്റം അനുവദിക്കുന്നതല്ല.

**12.** പ്രതിമാസം ഓടിയ കി.മി സ്ഥിരീകരിക്കുന്നതിന് CIAL ചുമതലപ്പെടുത്തിയിട്ടുള്ള അധികാരി സാക്ഷ്യപ്പെടുത്തിയ രേഖ സമർപ്പിക്കുന്നപക്ഷം പ്രതിമാസ കരാർ തുക ചെക്കായി നൽകുന്നതായിരിക്കും. നിയമ പ്രകാരം ഉറവിടത്തിൽ പിടിക്കേണ്ട നികുതികൾ കുറവ് ചെയ്തതിനുശേഷമേ തുക നൽകുകയുള്ളു.

**13.** ഇന്ധനം, അറ്റകുറ്റപണികൾ, റോഡ് ടാക്സ്, ഇൻഷുറൻസ്, ഡ്രൈവറുടെ വേതനം മുതലായ എല്ലാ ചിലവുകളും കരാറുകാരന്റെ പരിധിയിൽപെടുന്നതും കരാറുകാരൻ നേരിട്ട് വഹിക്കേണ്ടതുമാണ്.

ഡ്രൈവർമാരുടെ P.F. ESI മുതലായവ കരാറുകാരൻ നേരിട്ട് ഗവൺമെന്റിന്റെ പ്രസ്തുത ആക്ട് പ്രകാരവും നിലവിലുള്ള നിരക്കിലും അടക്കേണ്ടതും അതിന്റെ രേഖകൾ CIAL ന് സമർപ്പിക്കേണ്ടതുമാണ്.

**14.** വാഹനം മൂലം വാഹനത്തിനോ, വാഹനത്തിൽ യാത്രചെയ്യുന്നവർക്കോ, മറ്റൊരാളിനൊ (തേർഡ്പാർട്ടി), ഡ്രൈവർക്കോ അപകടമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. ഇതിൻ മൂലമുണ്ടാകുന്ന ക്ലെയിംസ് ഉൾപ്പെടെ എല്ലാ ചിലവുകളും പൂർണ്ണമായും കരാറുകാരന്റെ പരിധിയിൽപ്പെടുന്നതാണ്. വാഹനത്തിന്റെ ഇൻഷുറൻസ്, ടാക്സ് മുതലായവ നിയമ പരിധിക്കുള്ളിൽ പുതുക്കേണ്ടതും അവയുടെ കോപ്പി CIALൽ ഏൽപ്പിക്കേണ്ടതുമാണ്.

**15.** വാഹന കരാർ മൂലമോ, മറ്റേതെങ്കിലും കാരണത്താലോ വാഹന സർവ്വീസ് നടത്താൻ പറ്റാത്ത സാഹചര്യത്തിൽ കൺട്രോളിംഗ് ഓഫീസറെ അറിയിക്കേണ്ടതും അതോടൊപ്പം യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന മറ്റൊരു വാഹനം ഡ്രൈവർ സഹിതം പകരമായി കരാറുകാരൻ ഉടൻ തന്നെ ഏർപ്പാടാക്കേണ്ടതാണ്. CIAL ആവശ്യത്തിന് വാഹനം ലഭ്യമല്ലെങ്കിൽ പ്രതിദിനം 2000/ രൂപ എന്ന നിരക്കിൽ പിഴയായി കരാറുകാരന്റെ ബില്ലിൽ നിന്നും കുറയ്ക്കുന്നതാണ്.

**16.** സർവ്വീസ് നടത്തേണ്ട റൂട്ട് സമയ ക്രമീകരണം മുതലായവ CIAL തീരുമാനിക്കുകയും പിന്നീട് വ്യതിയാനങ്ങൾ വരുത്താവുന്നതുമാണ്. ഇതിനായി തന്നിരിക്കുന്ന ലോഗ് ബുക്കിൽ സർവ്വീസിന്റെ വിശദാംശങ്ങൾ നിർദ്ദിഷ്ട രീതിയിൽ രേഖപ്പെടുത്തി വാഹനം ഉപയോഗിക്കുന്ന വ്യക്തി സാക്ഷ്യപ്പെടുത്തേണ്ടതും തുടർന്ന് CIAL നിർദ്ദേശിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

**17.** പ്രസ്തുത വാഹനം ജോലി സമയത്ത് സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനോ നിർദ്ദിഷ്ടമല്ലാത്ത ജോലികൾ ചെയ്യുവാനോ പാടുള്ളതല്ല. കരാർ കാലയളവിൽ വാഹനം എപ്പോഴും CIALന്റെ പരിധിയിലുള്ളതും അത് സർവ്വീസ് ചെയ്യാനോ മറ്റാവശ്യങ്ങൾക്കോ വേണ്ടി വിടുതൽ ചെയ്തു കിട്ടാൻ CIALന്റെ പക്കൽ നിന്നും രേഖാമൂലം അനുവാദം വാങ്ങിക്കേണ്ടതാണ്.

**18.** വാഹനത്തിന് ആവശ്യമായ ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം ഇല്ലാത്തതിനാൽ വാഹനം സർവീസ് നിർത്തി വച്ച അവസരത്തിൽ , CIAL കരാർ വാഹനത്തിൽ ഇന്ധനം നിറയ്ക്കുകയാണെങ്കിൽ ഇന്ധനത്തിന്റെ വിലയും പിഴയായി ഓരോ അവസരത്തിലും 500/ രൂപ വീതവും കരാറുകാരന്റെ മാസവാടകയിൽ നിന്നു കുറയ്ക്കുന്നതാണ്.

**19.** എപ്പോൾ വേണമെങ്കിലും 02 മാസത്തെ മുൻകൂർ നോട്ടീസ് നൽകി ഈ കരാർ റദ്ദാക്കുവാനുള്ള അധികാരം CIALൽ നിക്ഷിപ്തമാണ്. കരാറുകാരനും 02 മാസത്തെ മുൻകൂർ നോട്ടീസ് നൽകി ഈ കരാർ റദ്ദാക്കുവാനുള്ള അനുവാദം ഉണ്ടായിരിക്കും. പക്ഷെ 02 മാസത്തെ മുൻകൂർ നോട്ടീസ് നൽകാതെ കരാർ റദ്ദാക്കുകയോ വാഹനം നൽകാതിരിക്കുകയോ ചെയ്താൽ CIAL ൽ നിക്ഷേപിച്ചിരിക്കുന്ന അടങ്കൽ തുക കരാറുകാരന് നഷ്ട്ടപെടുന്നതാണ്.

**20.** ദർഘാസിന്റെ കൂടെ ഒരോ വാഹനത്തിനും നിരതദ്രവ്യമായി 25,000/ രൂപ "കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്" പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് വയ്ക്കേണ്ടതാകുന്നു. നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ റദ്ദായി പോകുന്നതാണ്. EMD തുക ഒരു മാസത്തിനകം തിരികെ ലഭിക്കുന്നതാണ്.

**21.** ദർഘാസ് പ്രമാണത്തിൽ കാണിച്ചിരിക്കുന്ന കരാർ തുക ദർഘാസ് സമർപ്പണത്തിനു ശേഷം 90 ദിവസം വരെ പ്രബല്യത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.

**22.** ദർഘാസ് സമർപ്പിക്കേണ്ട രീതി:

പ്രസ്തുത ദർഘാസ് 2 കവറുകളായി താഴെ പറയുന്ന രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്.

കവർ ≠1 (1) യോഗ്യതാ മാനദണ്ഡങ്ങളിൽ ഖണ്ഡിക 2 പറഞ്ഞിരിക്കുന്ന രേഖകൾ

(2) ഫോറം ഒന്ന് എന്ന് രേഖപ്പെടുത്തിയ പേജ് പൂർണ്ണമായി പൂരിപ്പിച്ചത്

(3) നിരതദ്രവ്യം - ഡിമാന്റ് ഡ്രാഫ്റ്റ്

കവർ≠2 (1) ബിഡ്ഫോറം 2

(2) ദർഘാസ് പ്രമാണത്തിലെ ഒപ്പിട്ട എല്ലാ പേജുകളും. കവറുകളുടെ മുകളിലായി കവർ ≠ 1, കവർ ≠ 2, എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. ദർഘാസുകൾ തുറക്കുമ്പോൾ കവർ ≠ 1 ആയിരിക്കും ആദ്യം തുറക്കുക. നിർദ്ദിഷ്ട രേഖകൾ കവർ # 1 ഇല്ലാത്ത പക്ഷം കവർ ≠ 2 തുറക്കുന്നതല്ല; പ്രസ്തുത ദർഘാസ് റദ്ദായി പോകുകയും ചെയ്യും. കവർ ≠ 1 എല്ലാ രേഖകളും സമർപ്പിച്ചാൽ മാത്രമേ കവർ ≠ 2 തുറക്കുകയുള്ളു.

**23.** പൂരിപ്പിച്ച്, എല്ലാ പേജുകളിലും ഒപ്പിട്ട ദർഘാസ് പ്രമാണം 04.04.2023 , 3.00 PM വരെ കൊമേഴ്സ് വിഭാഗത്തിൽ സ്വീകരിക്കുന്നതും അന്ന് തന്നെ 3.30 PM ന് തുറക്കുന്നതുമാണ്. പൂരിപ്പിച്ച ദർഘാസ്, മാനേജിംഗ് ഡയറക്ടർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചി എയർപോർട്ട് പി. ഒ, എറണാകുളം - 683 111 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**24.** മുദ്രവച്ച കവറിന്റെ മുകളിൽ "CIAL ന്റെ ആവശ്യത്തിനായി EV വാഹനം സർവ്വീസ് നടത്തുന്നതിനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ രണ്ട് കവറുകളുടെയും പുറത്ത് അപേക്ഷകന്റെ പൂർണ്ണ മേൽവിലാസം രേഖപ്പെടുത്തേണ്ടതാണ്.

**25.** ഏറ്റവും കുറഞ്ഞ പ്രതിമാസ വാടക നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് ഉടമയ്ക്ക് കരാർ ഉറപ്പിച്ചു നൽകുന്നതാണ്.

**26.** ദർഘാസ് സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള എല്ലാ അധികാരവും മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**27.** വാഹനത്തിൽ Stereo & Seat Cover, Fastag ഉണ്ടായിരിക്കണം.

അപേക്ഷകന്റെ പേരുവിവരം

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് വേണ്ടി ഇഷ്യൂ ചെയ്യുന്ന ഓഫീസറുടെ ഒപ്പ്